Day 87 of 90 days ✝✝✝ 20th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഭയപ്പെടുത്തുന്ന പലവിധ ചിന്തകൾ സാത്താൻ നമ്മുടെ മനസ്സിൽ കൊണ്ടുവന്ന് മുന്നോട്ടു പോകുന്നതിന് തടസ്സം സൃഷ്ടിച്ചേക്കാം. എന്നാൽ ആ വിധ ഭയത്തിന്റെ ചിന്തകൾ കള്ള ഇടയനായ സാത്താൻ കൊണ്ടു വരുമ്പോൾ നാം ചില വസ്തുതകൾ ഓർക്കണം. നമ്മുടെ ഇടയൻ നമ്മെ നയിക്കുന്നത് നീതിയുടെ പാതകളിലൂടെയാണ്. ഇത് ഒരളവിൽ ഒരു വാഗ്ദത്തം കൂടെയാണ്. അപ്പോൾ കാണുന്ന ഏതെങ്കിലും ഒരു പാതയിലൂടെ ഇടയൻ ആടുകളെ നയിക്കുകയല്ല. അനീതിയുടെ പാതകളും ഈ ലോകത്തിലുണ്ട് എന്നറിയാവുന്ന നല്ല ഇടയൻ. നമ്മുടെ കർത്താവ് താൻ പോയിട്ടില്ലാത്ത പാതയിലൂടെ നമ്മെ നയിക്കുകയില്ല എന്നത് നാം അറിയണം. പാപമൊഴികെ സകലത്തിലും നമുക്ക് തുല്യനായി പരീക്ഷക്കപ്പെട്ടവനാണ് അവൻ. സകല വഴിയിലൂടെ അവൻ ആദ്യം നടന്നതാണ്. ആ വഴി എവിടെ എത്തിക്കുമെന്ന് അവൻ അനുഭവിച്ച് അറിഞ്ഞതാണ്. അവിടെനിന്നുമാണ് അവൻ മടങ്ങി വന്നത്. ആകയാൽ, നല്ലതുപോലെ വഴിയറിയാവുന്നവൻ, എല്ലാം വ്യക്തമായി മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് നമ്മെ ആ പാതയിലൂടെ നയിക്കുന്നത്. യേശുവിനെ വിശ്വസിക്കുവാൻ നമുക്ക് കഴിയുമെങ്കിൽ യാതൊരു ഭയവും കൂടാതെ അവനെ അനുഗമിക്കുവാനും നമുക്ക് കഴിയും. യേശുവിനെ വിശ്വസിക്കുന്നു എന്നു പറയുകയും അവനെ പിൻപററാതിരിക്കുകയും ചെയ്യുന്നത് വെറും കപടിഭക്തിമാത്രമാണ്. യേശുവിനെ വിശ്വസിക്കുന്നുവെങ്കിൽ ധൈര്യമായി മുന്നോട്ടിറങ്ങി അവൻ നയിക്കുന്ന പാതയിലൂടെ, അതെ നീതിയുടെ പാതയിലൂടെ മുന്നോട്ടു നീങ്ങുക. അവൻ നമ്മെ നയിക്കും. എത്തേണ്ടിടത്ത് എത്തിക്കുകയും ചെയ്യും. നാം തനിയെ പോകുകയല്ല, ഇടയൻ നമ്മെ നയിക്കുകയാണ്, നടത്തുകയാണ്. പലരും ഇന്ന് പറയാറുള്ളത് അതിന് എനിക്കാഗ്രഹമുണ്ടെങ്കിലും അതിനുള്ള കഴിവ് എനിക്കില്ല എന്നാണ്. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഒന്ന് വിസ്മരിക്കുന്നതാണ്, ഇപ്രകാരമുള്ള വിലാപത്തിന്റെ യഥാർത്ഥ കാരണം. നമ്മുടെ സ്വന്തം കഴിവുകൊണ്ട്, നാം തന്നെ നയിക്കുന്ന ഒന്നാണ് ക്രിസ്തീയജീവിതം എന്ന ധാരാണയാണ് ഇതിനു കാരണം. എന്നാൽ നാം തന്നെ ജീവിക്കുന്നതോ, നമ്മുടെ കഴിവുകൊണ്ട് ജീവിക്കുന്നതോ ആയ ഒന്നല്ല ക്രിസ്തീയ ജീവിതം. പൗലൊസിന്റെ വാക്കുകൾ 'ഇനി ജീവിക്കുന്നത് ഞാനല്ല. ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്.' നമ്മളല്ല, നമ്മളിൽ വസിക്കുന്ന ക്രിസ്തുവാണ് ഇപ്പോൾ ജീവിക്കുന്നത്. നമ്മൾ നടക്കുകയല്ല, യഥാർത്ഥത്തിൽ നമ്മളെ യേശു നടത്തുകയാണ്. അവന്റെ ശക്തി നമുക്ക് സകലതിനും മതിയായതാണ്. യേശുക്രിസ്തു മുഖാന്തിരം എനിക്ക് സകലവും കഴിയും എന്നാണ്. നമ്മൾ തന്നെ ജീവിക്കുവാൻ ശ്രമിക്കുമ്പോൾ, ക്രിസ്തുവിനോടുകൂടെ ജീവിക്കുവാൻ പൗലൊസ് താൽപര്യപ്പെടുന്നു.

തുടരും...